ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 29.10.2025** **TIME : 7.25 AM**

## പ്രധാന വാർത്തകൾ

1. മുംബൈയിൽ നടക്കുന്ന മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും.

   **PM Modi to address Maritime Leaders' Conclave in Mumbai today.**

2. 2025-26 റാബി സീസണിലെ പോഷക അധിഷ്ഠിത വളങ്ങളുടെ സബ്സിഡി നിരക്കുകൾ അംഗീകരിച്ച് കേന്ദ്ര മന്ത്രിസഭ.

   **Union Cabinet approves nutrient based subsidy on fertilisers for Rabi Season 2025-26.**

3. മൊൻതാ ചുഴലിക്കാറ്റ് കരതൊട്ടു ; ആന്ധ്രാപ്രദേശിൽ അതിശക്തമായ മഴ; കേരളത്തിൽ എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

   **Cyclone Motha makes landfall; Heavy Rain in Andhra Pradesh, Yellow Alert in eight districts of Kerala.**

4. ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതം; പ്രകടന പത്രിക പുറത്തിറക്കി മഹാസഖ്യം.

   **Bihar assembly election campaign intensifies; Mahagathbandhan releases joint manifesto.**

5. കേരളത്തിൽ തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നോടിയായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ച രാഷ്ട്രീയകക്ഷികളുടെ യോഗം ഇന്ന് തിരുവനന്തപുരത്ത്.

   **Kerala State Election Commission to meet political parties in Thiruvananthapuram ahead of Local Body Polls.**

6. വനിതാ ലോകകപ്പ് ക്രിക്കറ്റിന്റെ ആദ്യ സെമി ഫൈനലിൽ ദക്ഷിണാഫ്രിക്ക ഇന്ന് ഇംഗ്ലണ്ടിനെ നേരിടും; ഇന്ത്യ-ഓസ്ട്രേലിയ ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കാൻബറയിൽ.

**Women's cricket World Cup: South Africa to face England in First Semi-Final today; India to play Australia in T20 Series opener at Canberra**

*************************

## PREZ- AMBALA RAFALE

രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഹരിയാനയിലെ അംബാല വ്യോമത്താവളം സന്ദർശിക്കും. റഫാൽ യുദ്ധവിമാനത്തിൽ രാഷ്ട്രപതി യാത്ര ചെയ്യും. 2023 ൽ സുഖോയ് 30 എം.കെ.ഐ വിമാനത്തിൽ സഞ്ചരിച്ചശേഷം ഇതാദ്യമായാണ് രാഷ്ട്രപതി യുദ്ധവിമാനത്തിൽ യാത്ര ചെയ്യുന്നത്.

*************************

## PM- MUMBAI VISIT

മുംബൈയിൽ നടക്കുന്ന മാരിടൈം ലീഡേഴ്സ് കോൺക്ലേവിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അഭിസംബോധന ചെയ്യും. ഷിപ്പിംഗ്, തുറമുഖങ്ങൾ, കപ്പൽ നിർമാണം, ക്രൂയിസ് ടൂറിസം, സമുദ്ര സമ്പദ്‌വ്യവസ്ഥ എന്നിവ സംബന്ധിച്ച് ചർച്ച നടക്കും. 85 ലധികം രാജ്യങ്ങളിൽ നിന്നുള്ള ഒരു ലക്ഷത്തിലധികം പ്രതിനിധികൾ പങ്കെടുക്കും. ഇന്ത്യ മാരിടൈം വീക്ക് 2025 ലെ ഗ്ലോബൽ മാരിടൈം സി.ഇ.ഒ ഫോറത്തിലും പ്രധാനമന്ത്രി അധ്യക്ഷത വഹിക്കും.

*************************

## CYCLONE MONTHA

ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട മൊൻതാ ചുഴലിക്കാറ്റ് കരതൊട്ടതിനെ തുടർന്ന് ആന്ധ്രാപ്രദേശിൽ അതിശക്തമായ മഴ. ആന്ധ്ര, യാനം എന്നിവിടങ്ങളിൽ ഇന്നും കനത്ത മഴ തുടരുമെന്ന്

കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മച്ചിലിപട്ടണത്തിനും കലിംഗപട്ടണത്തിനും ഇടയിൽ കാക്കിനടയ്ക്ക് സമീപമാണ് ഇന്നലെ രാത്രി ചുഴലിക്കാറ്റ് തീരം തൊട്ടത്. ആന്ധ്രാപ്രദേശ്, ഒഡീഷ, തമിഴ്നാട് എന്നിവയുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ആരോഗ്യ മന്ത്രാലയം അവലോകന യോഗം ചേർന്നു. അതേസമയം, ജാഗ്രത തുടരുകയാണെന്നും ഒഡീഷയിൽ ഇതുവരെ വലിയ നാശനഷ്ടങ്ങൾ ഉണ്ടായിട്ടില്ലെന്നും മുഖ്യമന്ത്രി മോഹൻ ചരൺ മാഝി പറഞ്ഞു. ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ ദേശീയ ദുരന്ത നിവാരണ സേനയുടെ 12 സംഘങ്ങളെ ആന്ധ്രാപ്രദേശിലും ആറ് സംഘങ്ങളെ ഒഡീഷയിലും മൂന്ന് സംഘങ്ങളെ വടക്കൻ തമിഴ്നാട്ടിലും വിന്യസിച്ചിട്ടുണ്ട്. ഛത്തീസ്ഗഢിലും തെലങ്കാനയിലും NDRF ടീമുകളുണ്ട്.

***************************

## RAILWAYS-CYCLONE MONTHA

മോൻതാ ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ആന്ധ്രാപ്രദേശ്, ഒഡീഷ മുഖ്യമന്ത്രിമാരുമായും റെയിൽവേ ഉദ്യോഗസ്ഥരുമായും കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് ചർച്ച നടത്തി. ചുഴലിക്കാറ്റിൻറെ പശ്ചാത്തലത്തിൽ ഡിവിഷണൽ, സോണൽ, ബോർഡ് തലങ്ങളിൽ വാർ റൂമുകൾ സജ്ജീകരിച്ചതായും കിഴക്കൻ തീരദേശ ഡിവിഷനുകളിൽ വേണ്ട തയ്യാറെടുപ്പുകൾ നടത്തിയതായും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ട്രെയിൻ ഗതാഗതം സസൂക്ഷ്മം നിരീക്ഷിച്ച് വരുന്നതായും അദ്ദേഹം പറഞ്ഞു.

***************************

## CABINET-DECISIONS (INTRO)

കേന്ദ്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിനായുള്ള എട്ടാം ശമ്പള കമ്മീഷൻറെ പരിഗണനാ വിഷയങ്ങൾക്ക് അംഗീകാരം നൽകി കേന്ദ്രമന്ത്രിസഭാ യോഗം. സുപ്രീംകോടതി മുൻ ജഡ്ജി, ജസ്റ്റിസ് രഞ്ജന പ്രകാശ് ദേശായ് ആണ് കമ്മീഷൻ അധ്യക്ഷ. അധ്യക്ഷയ്ക്ക് പുറമേ ഒരു പാർട്ട് ടൈം അംഗവും, മെമ്പർ-സെക്രട്ടറിയുമാണ്

കമ്മീഷനിൽ ഉള്ളത്. 18 മാസത്തിനകം കമ്മീഷൻ ശുപാർശകൾ സമർപ്പിക്കുമെന്ന് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിച്ചുകൊണ്ട് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. 50 ലക്ഷം കേന്ദ്ര ജീവനക്കാർക്കും, 69 ലക്ഷം പെൻഷൻകാർക്കുമാണ് പരിഷ്കരണത്തിൻറെ പ്രയോജനം ലഭിക്കുക. 2025-26 റാബി സീസണിലേക്ക് ഫോസ്ഫേറ്റ്, പൊട്ടാസ്യം രാസവളങ്ങൾക്ക് പോഷകാധിഷ്ഠിത സബ്സിഡിയും മന്ത്രിസഭ പ്രഖ്യാപിച്ചു. 37,952 കോടി രൂപയാണ് സബ്സിഡിയിനത്തിൽ നൽകുന്നത്. പുതിയ നിരക്കുകൾക്ക് ഒക്ടോബർ 1 മുതൽ പ്രാബല്യമുണ്ടെന്നും ശ്രീ.അശ്വിനി വൈഷ്ണവ് അറിയിച്ചു.

(ഹോൾഡ് വോയ്സ്..........)

***************************

## PM – CABINET

രാജ്യത്തെ കർഷകരുടെ ക്ഷേമം ഉറപ്പാക്കാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 2025-26 ലെ റാബി സീസണിൽ ഫോസ്ഫറസ്, പൊട്ടാഷ് വളങ്ങൾക്കുള്ള സബ്സിഡികൾ അംഗീകരിച്ചുകൊണ്ട് ഒരു സുപ്രധാന ചുവടുവയ്പ്പാണ് കേന്ദ്രം നടത്തിയതെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു. കർഷകർക്ക് താങ്ങാനാവുന്ന വിലയിൽ വളങ്ങൾ ലഭ്യമാക്കുന്നതിനൊപ്പം അവരുടെ വരുമാനം വർധിപ്പിക്കാനും തീരുമാനം സഹായകരമാകുമെന്ന് പ്രധാനമന്ത്രി പറഞ്ഞു.

***************************

## BIHAR ELECTION

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജിതമായി പുരോഗമിക്കുന്നു. എൻ.ഡി.എ യും, മഹാസഖ്യവും മുൻനിര നേതാക്കളെ പ്രചാരണത്തിനായി രംഗത്തെത്തിച്ചിട്ടുണ്ട്. മഹാസഖ്യം ഇന്നലെ പ്രകടന പത്രിക പുറത്തിറക്കി. RJD നേതാവ് തേജസ്വി യാദവ്, കോൺഗ്രസ് നേതാവ് പവൻ ഖേര തുടങ്ങിയവർ

ചേർന്നാണ് പത്രിക പ്രകാശനം ചെയ്തത്. 243 അംഗ ബിഹാർ നിയമസഭയിലേക്ക് നവംബർ 6, 11 തീയതികളിലായാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

*************************

## SARDAR PATEL LECTURE

കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ ഇന്ന് ന്യൂഡൽഹിയിൽ ഈ വർഷത്തെ സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തും. വാർത്താ വിതരണ പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ ചടങ്ങിൽ പങ്കെടുക്കും. ഇന്ത്യയുടെ ആദ്യത്തെ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രിയായിരുന്ന സർദാർ വല്ലഭ് ഭായ് പട്ടേലിനോടുള്ള ആദരസൂചകമായാണ് ആകാശവാണി എല്ലാ വർഷവും സർദാർ പട്ടേൽ അനുസ്മരണ പ്രഭാഷണം നടത്തുന്നത്. 1955 ൽ ആരംഭിച്ച പ്രഭാഷണ പരമ്പരയിൽ സി. രാജഗോപാലാചാരിയാണ് ആദ്യ പ്രഭാഷണം നടത്തിയത്. സർദാർ പട്ടേലിന്റെ ജന്മവാർഷിക ദിനമായ ഒക്ടോബർ 31 ന് ആകാശവാണിയുടെ മുഴുവൻ ശൃംഖലയിലും പ്രഭാഷണം പ്രക്ഷേപണം ചെയ്യും.

*************************

## GST REFORMS- TOURISM SECTOR

ജി.എസ്.ടി ഭരണ പരിഷ്കരണങ്ങൾ ടൂറിസം മേഖലയ്ക്ക് ഉണർവേകുന്നതായി കേന്ദ്ര സർക്കാർ. താമസത്തിന് പ്രതിദിനം 7,500 രൂപ വരെ ഈടാക്കുന്ന ഹോട്ടലുകളുടെ ജി.എസ്.ടി അഞ്ച് ശതമാനമായാണ് കുറച്ചത്. 10 പേരിൽ കൂടുതൽ യാത്ര ചെയ്യാൻ സാധിക്കുന്ന ബസുകളുടെ ജി.എസ്.ടി 10 ശതമാനമായും കുറച്ചിട്ടുണ്ട്.

*************************

## GOYAL- BRUSSELS ( INTRO )

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയലിന്റെ ബ്രസ്സൽസ് സന്ദർശനം പൂർത്തിയായി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് EU വ്യാപാര-സാമ്പത്തിക സുരക്ഷാ കമ്മീഷണറുമായി അദ്ദേഹം ചർച്ച നടത്തി. വ്യാപാരം, നിക്ഷേപം, തൊഴിലവസരങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്ന സമഗ്ര കരാറിന് അടിത്തറ പാകാൻ ചർച്ചകൾ വഴിയൊരുക്കുമെന്ന് ശ്രീ. ഗോയൽ പറഞ്ഞു.

( വോയിസ്.....)

**************************

## KERALA RAIN

കേരളത്തിൽ ശക്തമായ മഴ തുടരും. ഇന്ന് തിരുവനന്തപുരം മുതൽ തൃശൂർ വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കർണാടക തീരത്ത് ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

**************************

## KERALA ELECTION

തദ്ദേശപൊതുതിരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ വിലയിരുത്താൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിളിച്ചു ചേർക്കുന്ന രാഷ്ട്രീയകക്ഷികളുടെ യോഗം ഇന്ന്. രാവിലെ 11 ന് തിരുവനന്തപുരത്താണ് യോഗം. ദേശീയ, സംസ്ഥാന രാഷ്ട്രീയകക്ഷികളുടെ ഒരു പ്രതിനിധിക്ക് യോഗത്തിൽ പങ്കെടുക്കാമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു.

**************************

## WOMEN WORLD CUP

വനിതാ ലോകകപ്പ് ക്രിക്കറ്റിന്റെ ആദ്യ സെമി ഫൈനലിൽ ഇന്ന് ദക്ഷിണാഫ്രിക്ക, ഇംഗ്ലണ്ടിനെ നേരിടും. ഗുവാഹത്തിയിലെ ബർസപര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പകൽ മൂന്നിന് മത്സരം ആരംഭിക്കും. നാളെ നടക്കുന്ന രണ്ടാം സെമിഫൈനലിൽ ഇന്ത്യയും ഓസ്ട്രേലിയയും ഏറ്റുമുട്ടും,

*************************

## CRICKET-IND VS AUS-T20

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള ടി-20 ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ഇന്ന് കാൻബറയിൽ നടക്കും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1:45 ന് കളി ആരംഭിക്കും. മലയാളിതാരം സഞ്ജു സാംസൺ ടീമിലുണ്ട്. 2026 ഫെബ്രുവരി-മാർച്ച് മാസങ്ങളിൽ നടക്കാനിരിക്കുന്ന ടി-20 ലോകകപ്പിനു മുന്നോടുയായുള്ള പരമ്പര ഇരുടീമുകൾക്കും പ്രധാനമാണ്.

*************************

## SCHOOL SPORTS FESTIVAL

67 -ാമത് സംസ്ഥാന സ്കൂൾ കായികമേളയ്ക്ക് സമാപനമായി. 1,825 പോയിന്റ് നേടി ഉജ്വല പ്രകടനം കാഴ്ചവച്ച് ആതിഥേയരായ തിരുവനന്തപുരം ജില്ല സ്വർണക്കപ്പ് സ്വന്തമാക്കി. തൃശൂരും, കണ്ണൂരുമാണ് രണ്ടും മൂന്നും സ്ഥാനങ്ങളിൽ. 20,000 വിദ്യാർത്ഥികളെ ഉൾചേർത്ത്, എട്ട് ദിവസങ്ങളിലായി തലസ്ഥാന നഗരിയിലെ 12 വേദികളിൽ ഒളിമ്പിക് മാതൃകയിൽ സ്കൂൾ കായികമേള സംഘടിപ്പിച്ച കേരളം മറ്റുള്ളവർക്ക് മാതൃകയാണെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഗവർണർ രാജേന്ദ്ര അർലേക്കർ പറഞ്ഞു. 203 സ്വർണം, 147 വെള്ളി, 171 വെങ്കലം എന്നിവ നേടിയാണ് തിരുവനന്തപുരം ചാമ്പ്യൻ പട്ടം കരസ്ഥമാക്കിയത്.

രണ്ടാം സ്ഥാനം നേടിയ തൃശൂർ 892 പോയിന്റും മൂന്നാം സ്ഥാനം നേടിയ കണ്ണൂർ 859 പോയിന്റും നേടി.

***************************

## ISRAEL ATTACK GAZA

യു.എസ് മധ്യസ്ഥതയിലുള്ള വെടിനിർത്ത കരാർ ഹമാസ് ലംഘിച്ചുവെന്ന് ആരോപിച്ച് ഇസ്രയേൽ പ്രതിരോധ സേന ഗാസയിൽ വീണ്ടും വ്യോമാക്രമണം നടത്തി. ഗാസ നഗരത്തിലെ അൽ-സബ്രയിലും ഖാൻ യൂനിസിലും ഇസ്രായേൽ നടത്തിയ വ്യോമാക്രമണങ്ങളിൽ ഒമ്പത് പേർ കൊല്ലപ്പെട്ടു. അതേസമയം ഇസ്രയേൽ സേനയെ ആക്രമിച്ചെന്ന വാർത്ത ഹമാസ് നിഷേധിച്ചു.

****************************************************************************************